**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1653** **19-09-2025 - ൽ മറുപടിയ്ക്ക്**

**ഹിൽമെൻ സെറ്റിൽമെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹിൽമെൻ സെറ്റിൽമെന്റിൽ ഉൾപ്പെട്ട എത്ര ഹെക്ടർ ഭൂമിയാണ് ഉള്ളത്; ഹിൽമെൻ സെറ്റിൽമെന്റിൽ ഉൾപ്പെട്ട ഭൂമിയുടെ ജില്ലയും താലൂക്കും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (എ) | പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ 1586 ഹെക്ടറും, കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ 1450 ഹെക്ടറും, എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിൽ 259.08.90 ഹെക്ടറും, ഹിൽമെൻ സെറ്റിൽമെന്റിൽ ഉൾപ്പെട്ട ഭൂമിയാണ് ഉള്ളത്.<br><br>ഇടുക്കി ജില്ലയിൽ ഹിൽമെൻ സെറ്റിൽമെന്റിൽ ഉൾപ്പെട്ട ഭൂമിയുണ്ടെങ്കിലും ആയതിന്റെ വിസ്തീർണ്ണം കണക്കാക്കിയിട്ടില്ല.<br><br>തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, വയനാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഹിൽമെൻ സെറ്റിൽമെന്റിൽ ഉൾപ്പെട്ട ഭൂമി കാണപ്പെടുന്നില്ല. |
| (ബി) | അഗ്രി ( ഫോറസ്റ്റ് ജനറൽ ) വകുപ്പിന്റെ 24.7.1973-ലെ 250/1973 സർക്കാർ ഉത്തരവ് (കൈ ) നമ്പർ പ്രകാരം ഹിൽമെൻ സെറ്റിൽമെന്റിൽ ഉൾപ്പെട്ട ഭൂമി ഹിൽമെൻ, നോൺ ഹിൽമെൻ വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ നടപടിക്രമങ്ങളും വിശദാംശങ്ങളും ലഭ്യമാക്കുമോ; ഹിൽമെൻ സെറ്റിൽമെന്റിൽ ഉൾപ്പെട്ട ഭൂമിക്ക് പട്ടയം നൽകുന്നതിന് കേന്ദ്രാനുമതി ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ടോ? | (ബി) | അഗ്രി (ഫോറസ്റ്റ് ജനറൽ) വകുപ്പിന്റെ 24.07.1973-ലെ 250/1973 സർക്കാർ ഉത്തരവ് (കൈ) നമ്പർ പ്രകാരം ഹിൽമെൻ സെറ്റിൽമെന്റിൽ ഉൾപ്പെട്ട ഭൂമി ഹിൽമെൻ നോൺ ഹിൽമെൻ വിഭാഗത്തിൽ പെട്ടവർക്ക് പട്ടയം നൽകുന്നതിന് ഉത്തരവായിരുന്നു. ഹിൽമെൻ സെറ്റിൽമെന്റുകളിൽ താമസിക്കുന്ന പട്ടിക വർഗ്ഗത്തിൽ പെടുന്നവരും അല്ലാത്തവരുമായ കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് GO.2020/2020 എന്ന ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. റവന്യൂ രേഖകളിൽ പുറമ്പോക്ക് / തരിശ്ശ് / പുരയിടം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും, വനം വകുപ്പിന്റെ ജണ്ടക്ക് പുറത്തുള്ളതുമായ ഭൂമിയിലെ കൈവശക്കാർക്കാണ് പട്ടയം അനുവദിക്കാൻ ഉത്തരവായത്. മാത്രമല്ല ഇത്തരം റവന്യൂ രേഖകളിൽ റിമാർക്ക്സ് കോളത്തിൽ വനം / RF എന്നീ രേഖപ്പെടുത്തലുകൾ പരിഗണിക്കേണ്ടതില്ല എന്ന് വ്യക്തമാക്കികൊണ്ട് GO. 3966/23 എന്ന ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ